പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5654 — 24.05.2017 ൽ മറുപടിക്ക്

**ആശുപത്രികളിൽ ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനങ്ങൾ**

| ചോദ്യം<br>ശ്രീ.ആർ. രാജേഷ്<br>,, മുരളി പെരുനെല്ലി<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.എം. രാജഗോപാലൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആശുപത്രികളിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള ആർദ്രം പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനാവശ്യമായ ഡോക്ടർമാരുടെയും നേഴ്സുമാരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി 28.03.2017 തീയതിലെ സ.ഉ(ആർ.റ്റി) 845/2017/ആ.കു.വ പ്രകാരം സംസ്ഥാനത്തെ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാൻ തെരഞ്ഞെടുത്തിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ 12.05.2017 തീയതിയിലെ സ.ഉ.(എം.എസ്) 75/2017/ആ.കു.വ പ്രകാരം 170 ഡോക്ടർമാർ, 340 സ്റ്റാഫ് നഴ്സുമാർ, 170 ലാബ്ടെക്നീഷ്യൻമാർ ഉൾപ്പടെ ആകെ 680 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി തെരഞ്ഞെടുത്തത് പ്രകാരം ഇവിടങ്ങളിൽ ഏതെല്ലാം തസ്തികകൾ എത്രയെണ്ണം വീതം ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (ബി) | മൂന്ന് വർഷംകൊണ്ട് ആരോഗ്യ വകുപ്പിലേക്കായി 5257 തസ്തികകൾ സൃഷ്ടിക്കുമെന്ന് 2017-18 ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സി.എച്ച്.സി.യുടെ സ്റ്റാഫ് പാറ്റേൺ നിലവിലുള്ള താലൂക്കാശുപത്രികളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) | തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | ഇവയെല്ലാമായി ആകെ എത്ര തസ്തികകളാണ് സൃഷ്ടിക്കുന്നതെന്നും ഇവയുടെ നിയമനം എപ്രകാരമായിരിക്കുമെന്നും വിശദീകരിക്കാമോ? | (ഡി) | ആർദ്രം പദ്ധതി പ്രകാരം ആരോഗ്യ വകുപ്പിനുകീഴിൽ 5257 തസ്തികകൾ മൂന്നു വർഷം കൊണ്ട് സൃഷ്ടിക്കപ്പെടുമെന്ന് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. തെരഞ്ഞെടുക്കപ്പെട്ട 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിലായി 680 തസ്തികകൾ ഇതിനകം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ